# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 647 — 11.06.2014-ൽ മറുപടിക്ക്

### ജീവിതശൈലിരോഗ നിർണ്ണയത്തിനും ചികിൽസയ്ക്കുമുള്ള പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. പി. എ. മാധവൻ :<br>,, റ്റി. എൻ. പ്രതാപൻ :<br>,, പി. സി. വിഷ്ണുനാഥ് :<br>,, ആർ. സെൽവരാജ് : | | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) ജനങ്ങളെ ജീവിതശൈലിരോഗ നിർണ്ണയത്തിനും സൗജന്യ ചികിൽസയ്ക്കും വിധേയരാകുന്ന ബൃഹത് പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; | (എ) | ഉണ്ട്. ജീവിതശൈലീ രോഗങ്ങൾക്ക് എതിരായ കർമ്മ പദ്ധതി 2011 -ൽ സംസ്ഥാനത്ത് ഒട്ടാകെ നടത്തുന്നതിന് തുടക്കം കുറിക്കുകയും 2012 -ൽ 'അമൃതം ആരോഗ്യം' എന്ന പേരിൽ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്യുകയുണ്ടായി. ദേശീയ പദ്ധതിയായ എൻ.പി.സി.ഡി.സി.എസ് (നാഷണൽ പ്രോഗ്രാം ഫോർ കൺട്രോൾ ആന്റ് പ്രിവൻഷൻ ഓഫ് ഡയബറ്റീസ്, ക്യാൻസർ, സ്ട്രോക്ക്) പത്തനംതിട്ട, ഇടുക്കി, ആലപ്പുഴ, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ 2011 മുതൽ നടപ്പിലാക്കി വരുന്നു. ഈ രണ്ട് പദ്ധതികൾ മുഖേന കേരളത്തിലെ എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ, കുടുംബക്ഷേമ ഉപകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ജീവിതശൈലീ രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സ്ക്രീനിംഗ് നടത്തി വരുന്നുണ്ട്. കൂടാതെ പി.എച്ച്.സി, സി.എച്ച്.സി തലത്തിൽ ഇൻസുലിൻ ഉൾപ്പെടെയുള്ള മരുന്നുകൾ സൗജന്യമായി വിതരണം ചെയ്യുന്നുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തെല്ലാമാണെന്ന് വിശദമാക്കുമോ ; | (ബി) | ജീവിതശൈലീ രോഗങ്ങൾ പിടിപെടുന്നതിന് മുൻപ് തന്നെ അത് തടയുവാനുള്ള ബോധവത്ക്കരണം, ഈ രോഗങ്ങൾ ആരംഭ ദശയിൽ തന്നെ കണ്ടെത്തുന്നതുവഴി രോഗനിയന്ത്രണവും, രോഗം സ്ഥിരീകരിച്ചവർക്ക് ചികിത്സയും , സൗജന്യ മരുന്നുകളും ഉറപ്പാക്കുന്നതു വഴി ജീവിതശൈലീ രോഗങ്ങൾ ഒരു പരിധി വരെ നിയന്ത്രിക്കുന്നതിനാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്.<br>1 ശരിയായ ആഹാരക്രമം, ചിട്ടയായ വ്യായാമം മദ്യപാനം, പുകവലി എന്നീ ദുഃശീലങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണം, സംസ്ഥാ |

നത്തെ എല്ലാ സബ്-സെന്റർ തലം വരെയും നടത്തി വരുന്നു. ജെ.എച്ച്.ഐ, ജെ.പി.എച്ച്.എൻ, പി.എച്ച്.എൻ, മെഡിക്കൽ ഓഫീസർ, ഡയറ്റീഷ്യൻ എന്നിവർ ഈ ദൗത്യം നടപ്പിലാക്കി വരുന്നു. ഇതിന് അവർക്കാവശ്യമായ പരിശീലനം സംസ്ഥാന തലത്തിലും, ജില്ലാ തലത്തിലും നൽകിയിട്ടുണ്ട്.

2 സബ് സെന്ററുകളിലും, പ്രൈമറി ഹെൽത്ത് സെന്ററുകളിലും 30 വയസ്സിന് മുകളിൽ പ്രായമുള്ളവരെ ജീവിതശൈലീ രോഗങ്ങൾക്കായുള്ള സ്ക്രീനിംഗിന് വിധേയമാക്കുക.

3 രോഗം കണ്ടെത്തുന്നവർക്ക് പ്രോട്ടോക്കോൾ പ്രകാരമുള്ള മരുന്നുകൾ സൗജന്യമായി നൽകുന്നു.

(സി) ഏതെല്ലാം വകുപ്പുകളുടെ ഏകോപനത്തോടുകൂടിയാണ് ഇതിനായുള്ള ആസൂത്രണ നിർവ്വഹണം നടത്തുന്നത് ;

(സി) സംസ്ഥാന ആരോഗ്യവകുപ്പും ദേശീയ ഗ്രാമീണ ആരോഗ്യ മിഷനും (എൻ.ആർ.എച്ച്.എം) സംയുക്തമായിട്ടാണ് ഈ പദ്ധതി കേരളത്തിൽ നടപ്പിലാക്കി വരുന്നത്. റീജിയണൽ ക്യാൻസർ സെന്റർ തിരുവനന്തപുരം, മലബാർ ക്യാൻസർ സെന്റർ തലശ്ശേരി, മെഡിക്കൽ കോളേജ് തുടങ്ങിയ സ്ഥാപനങ്ങൾ സാങ്കേതിക സഹായങ്ങൾ നൽകുന്നു.

(ഡി) എന്തെല്ലാം കേന്ദ്രസഹായമാണ് പ്രസ്തുത പദ്ധതിക്ക് ലഭിക്കുന്നതെന്നും പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ ?

(ഡി) സംസ്ഥാനത്തെ 5 ജില്ലകളിൽ നടപ്പിലാക്കിയ എൻ.പി.സി.ഡി.സി.എസ്. പദ്ധതിക്ക് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. പത്തനംതിട്ട, ആലപ്പുഴ, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിലാണ് ഈ കേന്ദ്രാവിഷ്കൃത പദ്ധതി നടപ്പിലാക്കിയത്. ഈ പദ്ധതിക്ക് 2010-11 സാമ്പത്തിക വർഷത്തേക്ക് 1011 ലക്ഷം രൂപ കേന്ദ്ര പദ്ധതി വിഹിതമായി ലഭിച്ചിട്ടുണ്ട്. ഇതിന് പുറമേ റ്റെറിട്ടറി ക്യാൻസർ കെയർ സെന്ററുകളായ തിരുവനന്തപുരം ആർ.സി.സി, മലബാർ ക്യാൻസർ സെന്റർ, ആലപ്പുഴ, കോട്ടയം മെഡിക്കൽ കോളേജുകൾക്ക് 19.6 കോടി രൂപ ധനസഹായം കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, സബ് സെന്ററുകൾ എന്നിവിടങ്ങളിൽ ഗ്ലൂക്കോമീറ്റർ, ബി.പി. അപ്പാരറ്റ്സ് വെയിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ എത്തിച്ചിട്ടുണ്ട്. പി.എച്ച്.സി, സി.എച്ച്.സി, സബ് സെന്റർ

(....3)

എന്നീ സ്ഥാപനങ്ങളിൽ ആഴ്ചയിൽ ഒരു ദിവസവും എൻ.പി.സി.ഡി.സി.എസ്. ജില്ലകളിൽ എല്ലാ സി.എച്ച്.സി കളിലും ആഴ്ചയിൽ 6 ദിവസവും പ്രമേഹം, രക്ത സമ്മർദ്ദം, ഹൃദ്രോഗം എന്നീ രോഗങ്ങളുടെ സ്ക്രീനിംഗ് നടത്തുന്നു. രക്താദി സമ്മർദ്ദം, പ്രമേഹം എന്നിവയുടെ ചികിത്സയ്ക്കായി ഒരു വിദഗ്ദ സമിതി ട്രീറ്റ്മെന്റ് പ്രോട്ടോകോൾ തയ്യാറാക്കുകയും, ഇതിന്റെ പകർപ്പ് എല്ലാ ഡോക്ടർമാർക്കും എത്തിക്കുകയും ചെയ്തു. ട്രീറ്റ്മെന്റ് പ്രോട്ടോകോൾ പ്രകാരമുള്ള 12 ഇന മരുന്നുകൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി സംഭരിക്കുകയും പി.എച്ച്.സി തലം വരെ എത്തിക്കുകയും ചെയ്തു. രജിസ്റ്ററുകളും, മറ്റ് അനുബന്ധ രേഖകളും സബ്സെന്റർ തലം വരെ എത്തിച്ചിട്ടുണ്ട്. എല്ലാ ജില്ലാ ആശുപത്രികളിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഉള്ള ക്യാൻസർ ക്ലിനിക്കുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ആരോഗ്യ വകുപ്പിലെ എൻ.സി.ഡി ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾക്കായി നിയോഗിക്കപ്പെട്ട എല്ലാ ഡോക്ടർമാർക്കും മറ്റ് ജീവനക്കാർക്കും ജീവിത ശൈലീ രോഗനിയന്ത്രണത്തിനുള്ള വിവിധ പരിശീലനങ്ങൾ നൽകുകയുണ്ടായി.

ഇതിനു പുറമേ പക്ഷാഘാതം, ചികിത്സിക്കുന്നതിനുള്ള ടെലിക്ലിനിക്ക് അതിനു വേണ്ടി ഡോക്ടർമാർക്കുള്ള പരിശീലനം എന്നിവ ഈ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്നു. ജനങ്ങളിലെ മദ്യപാനാസക്തി കുറയ്ക്കുന്നതിനു വേണ്ടി കുടുംബശ്രീയുമായി ചേർന്ന് സംസ്ഥാനത്തെ 140 പഞ്ചായത്തുകളിൽ 'മധു മുക്തി' പദ്ധതി നടപ്പിലാക്കി. സ്കൂൾ തലത്തിൽ കുട്ടികൾക്ക് ജീവിതശൈലീ രോഗത്തിനായുള്ള ബോധവത്ക്കരണവും, സ്ക്രീനിംഗ് ഉൾപ്പെടെയുള്ള LEAP നടപ്പിലാക്കുകയുണ്ടായി. കൂടാതെ പുകവലിക്കെതിരെ 'പുകവലി വിമുക്ത സ്കൂൾ' 'പുകവലി വിമുക്ത ജോലി സ്ഥലങ്ങൾ' 'പുകവലി വിമുക്ത വാർഡുകൾ' എന്ന പദ്ധതിയും പുകയില നിയന്ത്രണ നിയമമായ COPTA യുടെ ശാക്തീകരണവും നടപ്പിലാക്കി വരുന്നു.

സെക്ഷൻ ഓഫീസർ